**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5806** **16-03-2023 - ൽ മറുപടിയ്ക്ക്**

**ചികിത്സ ചെലവുകൾ റീ-ഇമ്പേഴ്‌സ് ചെയ്യുന്നതിന് നേരിടുന്ന കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മെഡിസെപ്പ് നിലവിൽ വരുന്നതിന് മുമ്പ് സമർപ്പിച്ച ജീവനക്കാരുടെയും അവരുടെ ആശ്രിതരുടെയും ചികിത്സാ ചെലവുകൾ റീ ഇംമ്പേഴ്സ് ചെയ്യുന്നതിനുള്ള അപേക്ഷകൾ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഓഫീസിൽ വർഷങ്ങളായി കെട്ടിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുവാൻ വകുപ്പ് തലത്തിൽ നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | മെഡിസെപ്പ് നിലവിൽ വരുന്നതിനുമുമ്പ് ലഭിച്ച ജീവനക്കാരുടേയും അവരുടെ ആശ്രിതരുടെയും ചികിത്സാ ചെലവുകൾ റീ-ഇംമ്പേഴ്സ് ചെയ്യുന്നതിനുള്ള അപേക്ഷകളിൽ 2022 മാർച്ച് വരെയുള്ള ബില്ലുകൾ പരിശോധിച്ച് തുകയുടെ അനുവദനീയത കണക്കാക്കി ബന്ധപ്പെട്ട ഓഫീസുകളിലേയ്ക്ക് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും തിരികെ അയച്ചിട്ടുണ്ട്. സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് അപേക്ഷകളിൽ ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള സ്വകാര്യ ആശുപത്രിയിലെ ബില്ലുകളും രണ്ട് ലക്ഷം രൂപയ്ക്ക് മുകളിലുള്ള സർക്കാർ ആശുപത്രികളിലെ ബില്ലുകളും പ്രതിപൂരണം ചെയ്യുന്നതിനായാണ് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ MR സെക്ഷനിൽ നടപടി സ്വീകരിച്ചു വരുന്നത്. നിലവിൽ ബില്ലുകളിലെ അനുവദനീയ തുക രേഖപ്പെടുത്തിയാണ് ബില്ലുകൾ അതാത് വകുപ്പുകൾക്ക് തിരികെ നൽകിവരുന്നത്. ലഭ്യമാകുന്ന അപേക്ഷകളുടെ ബാഹുല്യം മൂലമാണ് ബില്ലുകളിൽ നടപടി സ്വീകരിക്കുവാൻ കാലതാമസം നേരിടുന്നത്. ഫയലുകളിൽ തീർപ്പ് കൽപിക്കുന്നതിന് ഫയൽ അദാലത്തുകൾ നടത്താറുണ്ട്. |
| (ബി) | പ്രസ്തുത അപേക്ഷകൾ തീർപ്പ് കൽപ്പിക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കുമോ; എം.ആർ. സെക്ഷനിൽ ആവശ്യമായ ജീവനക്കാരുടെ അഭാവമുണ്ടെങ്കിൽ കൂടുതൽ ജീവനക്കാരെ ഇതിനായി ചുമതലപ്പെടുത്തി പ്രശ്നം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കുന്ന അപേക്ഷകളുടെ ബാഹുല്യം നിമിത്തമാണ് ബില്ലുകൾ പ്രതിപൂരണം ചെയ്ത് നൽകുന്നതിന് കാലതാമസം ഉണ്ടാകുന്നത്. ഫയലുകളിൽ തീർപ്പ് കൽപിക്കുന്നതിന് ഫയൽ അദാലത്തുകൾ നടത്താറുണ്ട്. |
| (സി) | ക്യാൻസർ, കിഡ്നി ഡയാലിസിസ്, ലിവർ സീറോസിസ് എന്നീ രോഗങ്ങളുള്ളവരുടെയും മറ്റ് മാരക രോഗങ്ങൾ ബാധിച്ചവരുടേയും അപേക്ഷകളിൽ പോലും മാനുഷിക പരിഗണന നൽകാതെ വച്ചുതാമസിപ്പിക്കുന്ന നടപടി | (സി) | ക്യാൻസർ, കിഡ്നി ഡയാലിസിസ്, ലിവർ സിറോസിസ് എന്നീ രോഗങ്ങൾ ബാധിച്ചവരുടെ അപേക്ഷകളിൽ മാനുഷിക പരിഗണന നൽകി തീർപ്പുകൽപിച്ച് നൽകാറുണ്ട്. അപേക്ഷകളുടെ ബാഹുല്യം നിമിത്തം കാലതാമസം നേരിടുന്നത് |

| | | | |
|---|---|---|---|
| | അവസാനിപ്പിക്കുന്നതിനും ഇത്തരം കേസുകളിൽ അതിവേഗം തീർപ്പുകൽപ്പിക്കുന്നതിനും പ്രത്യേക അദാലത്തുകൾ സംഘടിപ്പിക്കുമോ; | | ശ്രദ്ധയിൽപ്പെടുമ്പോൾ ഇത്തരം കേസുകൾ തീർപ്പാക്കുന്നതിന് അദാലത്തുകൾ സംഘടിപ്പിക്കാറുണ്ട്. |
| (ഡി) | 2022 മാർച്ചിൽ സമർപ്പിച്ചിട്ടുള്ളതും ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ എം.ആർ.1/17988/2022 എന്ന നമ്പരിലുള്ളതുമായ അപേക്ഷയിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; റീ ഇമ്പേഴ്സ്മെന്റ് തുക എന്നത്തേയ്ക്ക് ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ? | (ഡി) | MR1/17988/2022 എന്ന നമ്പർ പ്രകാരം ശ്രീ.അൻവറിന്റെ ബില്ലുകൾ 21/03/2022-ൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ MR1 സെക്ഷനിൽ ലഭിച്ചിട്ടുണ്ട്. നിലവിൽ ബില്ലുകൾ പരിശോധിച്ച് അനുവദനീയ തുക രേഖപ്പെടുത്തി അയയ്ക്കുന്നതിനുള്ള നടപടികൾ ആരോഗ്യ വകുപ്പ് ഡയറക്ടർ സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ